ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി5/16204/റ്റിസി/2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 19.09.2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് — നടപടി ക്രമങ്ങൾ വൈകുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- ശ്രീ. കെ.ജെ. ജോസഫ്, ആലങ്ങാട് ഗ്രാമ പഞ്ചായത്ത് മെമ്പറുടെ നിവേദനം.

ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ഈ ഓഫീസിൽ ലഭിക്കുന്നുണ്ട്. ആയതിനാൽ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് നൽകുന്ന ക്ലിയറൻസ് സർട്ടിഫിക്കറ്റും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും രജിസ്റ്റേഡ്/സ്പീഡ് പോസ്റ്റിൽ മാത്രമേ മറ്റ് ഓഫീസുകളിലേക്ക് അയച്ചു കൊടുക്കുവാൻ പാടുള്ളൂ. കൈവശം കൊടുത്താൽ പുതിയ ഓഫീസിൽ നൽകാതെ തട്ടിപ്പ് നടത്താമെന്നതിനാൽ ഒരു കാരണവശാലും അപേക്ഷകന് ഇവ നേരിട്ട് നൽകുവാൻ പാടുള്ളതല്ല.
2. മറ്റ് ഓഫീസുകളിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ച് കഴിഞ്ഞ് പേര് മാറാനോ മേൽവിലാസം മാറാനോ ഉള്ള അപേക്ഷ ഓഫീസിൽ ലഭിച്ചിട്ടില്ലായെങ്കിൽ ഒരാഴ്ചയ്ക്കകം ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ ഉള്ള മേൽവിലാസക്കാരനെ ഹിയറിംഗിന് ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതാണ്.
3. അപേക്ഷകൻ ഹിയറിംഗിന് ഹാജരാകുന്നില്ലായെങ്കിലോ, ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ ഉള്ള അഡ്രസ്സ് വ്യാജമാണെന്ന് തെളിയുന്നെങ്കിലോ അല്ലെങ്കിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള വ്യക്തി അറിയാതെ അയാളുടെ പേരിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ്

എടുത്തതാണെങ്കിലോ ക്ലിയറൻസ് സർട്ടിഫിക്കറ്റും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മറ്റ് രേഖകളും കൂടി ആദ്യ രജിസ്റ്ററിംഗ് അതോറിറ്റിക്ക് തിരിച്ചയയ്ക്കേണ്ടതും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

4. മേൽ പറഞ്ഞ പ്രകാരം ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകിയ ഓഫീസിൽ തിരിച്ച ലഭിച്ച കഴിഞ്ഞാൽ ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ച വ്യക്തിയെ (വാഹന ഉടമസ്ഥന്റെ) ഹിയറിംഗിന് ക്ഷണിക്കേണ്ടതും അയാളുടെ ഭാഗം കേട്ട ശേഷം ക്ലിയറൻസ് സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വാഹനത്തിനെ വീണ്ടും ഡി.സി.ബിയിൽ ഉൾപ്പെടുത്തി ടാക്സ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപേക്ഷകൻ ഹിയറിംഗിന് ഹാജരായില്ലായെങ്കിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യേണ്ടതാണ്.

5. ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ക്ലിയറൻസ് സർട്ടിഫിക്കറ്റുകളിൽ സെപ്റ്റംബർ 30 നകം മേൽ പറഞ്ഞ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പല ഓഫീസുകളിലും ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ലഭിച്ച കഴിഞ്ഞ ശേഷം യാതൊരു വിധ ആക്ഷനും ഇല്ലാതെ കെട്ടിവച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാരിന് വലിയ തോതിൽ വരുമാന നഷ്ടം (നികുതി ഈടാക്കാത്തതുകൊണ്ട്) ഉണ്ടാകുവാൻ കാരണമാകുന്നുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും സർക്കാരിന് വരുമാന നഷ്ടം ഉണ്ടാക്കാവുന്ന ഇത്തരം കേസുകളിൽ അടിയന്തിര ശ്രദ്ധ പതിപ്പിച്ച് ടാക്സ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ,

24/9/13

സീനിയർ സൂപ്രണ്ട്.